**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5089** **11-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുകൾക്ക് മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിശ്ചിതസമയത്ത് മസ്റ്ററിംഗ് നടത്താത്തതുകൊണ്ട് വിവിധ ക്ഷേമ പെൻഷനുകൾക്ക് അർഹതയുണ്ടായിട്ടും ലഭിക്കാത്തവരുടെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | മസ്റ്റർ ചെയ്യാൻ ഇനിയും അവശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കളുടെ കാര്യത്തിൽ കോവിഡ് മഹാമാരിക്ക് ശമനമുണ്ടാകുന്ന മുറയ്ക്ക് മസ്റ്ററിംഗിന് സമയം അനുവദിക്കുന്നതും അപ്രകാരം മസ്റ്ററിംഗ് പൂർത്തിയാക്കുന്നവർക്ക് മുടങ്ങിക്കിടക്കുന്ന പെൻഷൻ തുടർന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | കോഴിക്കോട് ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി അർഹതപ്പെട്ട എത്ര പേർക്കാണ് മസ്റ്ററിംഗ് നടത്താത്തതുകൊണ്ട് പെൻഷൻ ലഭിക്കാത്തത് എന്നറിയിക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 10,805 പേരാണ് മസ്റ്റർ ചെയ്യാൻ ഇനിയും അവശേഷിക്കുന്നത്. |
| (സി) | അർഹതപ്പെട്ടവർക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ തന്നെ അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ